compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഒക്ടോബർ 28
Tuesday, 28th October 2025

1201 തുലാം 11
11th Thulam 1201

1947 കാർത്തികം 6
6th Karthika 1947

വാല്യം 14
Vol. XIV

നമ്പർ / **No.** **43**

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നോട്ടീസ്

നമ്പർ ARG KTD/29/2023/OI. 2025 ആഗസ്റ്റ് 11.

1969-ലെ കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്യുകയും വർഷങ്ങളായി പ്രവർത്തന രഹിതമായി കിടക്കുന്നതും യാതൊരു റിക്കോർഡുകളും രേഖകളും രജിസ്റ്ററുകളും ലഭ്യമായിട്ടില്ലാത്തതുമായ ചുവടെ ചേർക്കുന്ന സഹകരണ സംഘങ്ങളുടെ ഏതെങ്കിലും റിക്കോർഡുകൾ കൈവശം ഉള്ളവർ ആയത് ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം ലിക്വിഡേറ്ററുടെ ആഫീസായ കാട്ടാക്കട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ ആഫീസ്, മിനി സിവിൽ സ്റ്റേഷൻ, കാട്ടാക്കടയിൽ എത്തിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

ക്രമനമ്പർ	സംഘത്തിന്റെ പേരും മേൽവിലാസവും
1	Poovachal Consumer CS Ltd. No. T 841
2	Arayancode cycle Consumer CS Ltd. No. 1241, Aryancode P. O.
3	Aryancode Malacharakku Sambharana Vipanana CS, Ltd. No. T 1239, Paliyode P. O.
4	Veeranakavu Mahila CS
5	Veeranakavu Brothers Labour Contract CS, Ltd. T 1224
6	Kuttichal General Marketing & Processing CS, Ltd. T 1441
7	Kallikkadu Rural Housing CS, Ltd. T 1064, Kallikkadu P. O.
8	Kattakada Rural Housing CS, Ltd. No. T 1604, Thoonagampara
9	Ottasekharamangalam Vanitha CS, Ltd. T 898, Ottasekharamangalam P. O.
10	Ottasekharamangalam Printing & Publishing CS
11	Devancode Indiranagar SC Vanitha Consumer CS Ltd. No. T 1250
12	Thiruvananthapuram District Labour Contract CS
13	Poovachal Vanitha CS, Ltd. 968, Poovachal P. O.

(ഒപ്പ്)

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, കാട്ടാക്കട.

ലിക്വിഡേറ്റർ,
കാട്ടാക്കട യൂണിറ്റ് ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോട്ടയം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ: സലിം, പി. പി.)

നമ്പർ JRGKTM/1844/2024-AEL. 2025 ഒക്ടോബർ 7.

വിഷയം: —സഹകരണ വകുപ്പ്—സമാപ്തീകരണം—കെ 658 ശ്രീ വിദ്യാധിരാജ വിദ്യാഭവൻ ഹൈസ്കൂൾ സഹകരണ സംഘം (ക്ലിപ്തം)—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഈ ആഫീസിലെ 7-9-2024-ലെ JRGKTM/768/2024/CS നമ്പർ ഉത്തരവ്.

(2) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ കോട്ടയം യൂണിറ്റ് ഇൻസ്പെക്ടറുടെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പരിശോധനാ റിപ്പോർട്ട്.

(3) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ 7-9-2024, 1-9-2025 എന്നീ തീയതികളിലെ ARGKTM/797/2024-UI(6) നമ്പർ കത്ത്.

കോട്ടയം താലൂക്കിലെ കോട്ടയം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ച ശ്രീ വിദ്യാധിരാജ വിദ്യാഭവൻ ഹൈസ്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 658 വർഷങ്ങളായി പ്രവർത്തനരഹിതവും തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ടി സഹകരണസംഘത്തിന്റെ സമാപ്തീകരണം നടത്തുന്നതിനായി കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം വിശദ പരിശോധന നടത്തുന്നതിന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കോട്ടയം യൂണിറ്റ് ഇൻസ്പെക്ടറെ പരിശോധന ഉദ്യോഗസ്ഥനായി നിയമിച്ച് സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടി സഹകരണ സംഘം വർഷങ്ങളായി തുറന്ന് പ്രവർത്തിക്കുന്നില്ലാത്തതും, സംഘത്തിന്റെ ഭരണസമിതി തെരെഞ്ഞെടുപ്പ് നടത്തി ഭരണസമിതിക്ക് അധികാരം കൈമാറുന്നതിന് നടത്തിയ ശ്രമങ്ങൾ സാധ്യമായിട്ടില്ലാത്ത സാഹചര്യവുമാണെന്ന് പരിശോധന ഉദ്യോഗസ്ഥൻ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. സംഘത്തിൽ യാതൊരു പ്രവർത്തനവും നടക്കാതിരിക്കുകയും സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ശ്രീ വിദ്യാധിരാജ വിദ്യാഭവൻ ഹൈസ്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 658-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം 71-ാം വകുപ്പ് പ്രകാരം സമാപ്തീകരിച്ച് ഉത്തരവാകുന്നു. കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കോട്ടയം യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി കേരള സഹകരണ സംഘം നിയമം 72-ാം വകുപ്പ് പ്രകാരം നിയമിക്കുന്നു. ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ മുതലുകളുടേയും റിക്കാർഡുകളുടേയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും ഈ ഉത്തരവ് തീയതി മുതൽ 60 ദിവസം കഴിയുന്ന മുറയ്ക്ക് ലിക്വിഡേഷൻ നടപടികൾ ആരംഭിക്കേണ്ടതും നിശ്ചിത സമയത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതി അറിയിക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടേയും റിക്കാർഡുകളുടേയും പട്ടിക ഏറ്റെടുത്ത തീയതിയിലെ താൽക്കാലിക ബാക്കിപത്രം എന്നിവ സമർപ്പിക്കേണ്ടതും ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, (ഒപ്പ്)
കോട്ടയം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ JRGIDK/1006/2022-AEL. 2025 ഒക്ടോബർ 9.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—ഐ.163 തൊടുപുഴ ബ്ലോക്ക് വനിത മൾട്ടിപ്പർപ്പസ് സഹകരണ സംഘം—കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) ഈ ഓഫീസിലെ 12-3-2014 തീയതിയിലെ SCTM-4199/13 നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 17-9-2025 തീയതിയിലെ JRGIDK/1006/2022-AEL-നമ്പർ ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 8-10-2025 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം.

(4) സംഘം ലിക്വിഡേറ്ററുടെ 8-10-2025 തീയതിയിലെ ARGTDP/885/2022/UI(2) നമ്പർ നടപടിക്രമം.

(5) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തൊടുപുഴ-ടെ 8-10-2025 തീയതിയിലെ ARGTDP/885/2022/UI(2) നമ്പർ കത്ത്.

ഐ-163 തൊടുപുഴ ബ്ലോക്ക് വനിത മൾട്ടിപ്പർപ്പസ് സഹകരണ സംഘം പ്രവർത്തന രഹിതമായ തിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണത്തിന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തൊടുപുഴ ആഫീസിലെ ബി-യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ലിക്വിഡേറ്റർ 31-3-2014 തീയതിയിൽ ചുമതലയേറ്റെടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിച്ചിരുന്നു.

സൂചന (3), (4) എന്നിവ പ്രകാരം ലിക്വിഡേറ്റർ, സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കിയതായി അറിയിച്ചുകൊണ്ട്, കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ലിക്വിഡേറ്ററുടെ അപേക്ഷ സൂചന (5) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), തൊടുപുഴ ശുപാർശ ചെയ്ത് ഈ ആഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ലിക്വിഡേഷൻ കാലയളവിലെ കണക്കുകൾ ഈ ആഫീസിലെ എ.ഇ.എൽ. ഇൻസ്പെക്ടർ 30-8-2025 തീയതിയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈടാക്കാൻ സാധിക്കാത്ത ആസ്തിയും കൊടുത്തുതീർക്കാനാകാത്ത ബാധ്യതയും എഴുതിത്തള്ളി സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഐ-163 തൊടുപുഴ ബ്ലോക്ക് വനിത മൾട്ടിപ്പർപ്പസ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ സകല രേഖകളും കേരള സഹകരണ നിയമം ചട്ടം 70 അനുശാസിക്കും വിധം 3 വർഷക്കാലം ലിക്വിഡേറ്റർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ടി കാലാവധിക്ക് ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി ആയവ നശിപ്പിക്കാവുന്നതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, ഇടുക്കി.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ: ശ്രീ. സുരേന്ദ്രൻ ചെമ്പ്ര]

നമ്പർ JRMPM/2882/2024-HMC1/KDis. 2025 ഒക്ടോബർ 14.

വിഷയം:—സഹകരണ വകുപ്പ്—പൊന്നാനി നഗരം ഗ്രാന്റ് മണൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം 891-സംഘം പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പൊന്നാനിയുടെ 9-1-2023, 13-6-2023, 4-11-2023, 2-8-2024 എന്നീ തീയതികളിലെ ARGPNI/02/2023-OI നമ്പർ ഉത്തരവുകൾ.

(2) പരിശോധനാ ഉദ്യോഗസ്ഥൻ സമർപ്പിച്ച 5-8-2024 തീയതിയിലെ പരിശോധന റിപ്പോർട്ടും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പൊന്നാനിയുടെ 31-8-2024 തീയതിയിലെ ARGPNI/02/2023-OI നമ്പർ കത്തും.

മലപ്പുറം ജില്ലയിലെ പ്രവർത്തന രഹിതമായ സംഘങ്ങളിൽ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്തവയെ സമാപ്തീകരിക്കുവാനുള്ള ജോയിന്റ് രജിസ്ട്രാറുടെ 6-1-2023 തീയതിയിലെ അവലോകനയോഗത്തിലെ നിർദ്ദേശപ്രകാരം പൊന്നാനി നഗരം ഗ്രാന്റ് മണൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം എം 891-ന്റെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവായ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന പൂർത്തിയാക്കി പരാമർശം (2) പ്രകാരം പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

പരിശോധന റിപ്പോർട്ടിൽ സംഘത്തിൽ 2015-16-ന് ശേഷം ആഡിറ്റ് നടന്നിട്ടില്ലെന്നും 2015-16 വർഷത്തെ ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം എ, ബി ക്ലാസ്സുകളിലായി 146 അംഗങ്ങളും 1.03 ലക്ഷം രൂപയുടെ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനവും 98,008 രൂപയുടെ പ്രവർത്തന മൂലധനവുമുണ്ടെന്നും സംഘത്തിന് നിലവിൽ ഓഫീസ് ഇല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിൽ നിലവിൽ ഭരണ സമിതിയോ സ്ഥിരം ജീവനക്കാരോ ഇല്ല. സംഘം മുൻ ഭരണ സമിതിയിൽ ഉൾപ്പെട്ട 2 അംഗങ്ങൾ സംഘം പ്രവർത്തനം തുടർന്ന് കൊണ്ടുപോകുന്നതിന് താല്പര്യമുള്ളതായി മൊഴി നൽകിയിട്ടുണ്ടെങ്കിലും പുഴയിൽ നിന്നും മണൽ വാരി വിപണനം നടത്തുന്നതിന് നിലവിൽ നിരോധനമുള്ളതിനാൽ സംഘത്തിന് പ്രവർത്തന സാധ്യത ഇല്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സംഘം റിക്കാർഡുകൾ ലഭ്യമല്ലായെന്നും അന്വേഷണ റിപ്പോർട്ടിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പൊന്നാനി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ കൃത്യമായ റിക്കാർഡുകൾ ലഭ്യമല്ലാത്തതിനാലും പ്രവർത്തന സാധ്യത ഇല്ലാത്തതിനാലും സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് മലപ്പുറം (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (3) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പൊന്നാനി നഗരം ഗ്രാന്റ് മണൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം എം 891-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും, വകുപ്പ് 72 (1) പ്രകാരം പൊന്നാനി അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ പൊന്നാനി യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും, ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69 (4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ
കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ണൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ ചുമതലയുള്ള ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ: സൈബുന്നീസ്സ, എം. കെ)

നമ്പർ 986/2024/എ.ഇ.എൽ./കെഡിസ്. 2025 ഒക്ടോബർ 9.

വിഷയം :—സഹകരണ വകുപ്പ്—ഹാജി റോഡ് ലേബർ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1949—പ്രവർത്തനരഹിതം—കേരള സഹകരണ നിയമം 71(1) സംഘം പ്രവർത്തനം സമാപ്തീകരിച്ചും, 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചും ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കണ്ണൂരിന്റെ 28-2-2023-ാം തീയതിയിലെ ARGKNR/138/2023/പി നമ്പർ കത്തും പരിശോധന റിപ്പോർട്ടും.

ഹാജി റോഡ് ലേബർ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1949-ന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കണ്ണൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പാപ്പിനിശ്ശേരി യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത അന്വേഷണ റിപ്പോർട്ട് മേൽ സൂചന പ്രകാരം ഈ ഓഫിസിൽ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ സംഘം നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും സംഘം നിയമാവലി പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നില്ലെന്നും സംഘത്തിൽ ഭരണ സമിതി നിലവിൽ ഇല്ലെന്നും പൂർണ്ണമായും പ്രവർത്തന രഹിതമാണെന്നും പുനരുജ്ജീവന സാധ്യതയില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചതിൽനിന്നും സംഘം പൂർണ്ണമായും പ്രവർത്തന രഹിതമാണെന്നും, ഭരണ സമിതി നിലവിലില്ലെന്നും, പുനരുജ്ജീവന സാധ്യതയില്ലെന്നും ബോധ്യപ്പെട്ടതിനാൽ കേരള സഹകരണ നിയമം 71 (1) വകുപ്പ് പ്രകാരം സമാപ്തീകരിച്ചും, സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചും താഴെ ചേർത്ത ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഹാജി റോഡ് ലേബർ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1949 പ്രവർത്തനരഹിതമായതിനാൽ കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിച്ചും, 72-ാം വകുപ്പ് പ്രകാരം കണ്ണൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പാപ്പിനിശ്ശേരി യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുക്കേണ്ടതും ടി വിവരം യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കണ്ണൂർ. (ഒപ്പ്) ജോയിന്റ് രജിസ്ട്രാർ (ജനറൽ) (ഇൻ ചാർജ്ജ്).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.28 03:48:28 +05:30